# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3538** **20/06/2018-ൽ മറുപടിയ്ക്ക്**

### കാസർഗോഡ് ജില്ലയിൽ ഡെങ്കിപനി

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ**

കാസർഗോഡ് ജില്ലയിൽ ഡെങ്കിപനി പടരുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

മഴക്കാല രോഗങ്ങൾ പടരാതിരിക്കാൻ ആരോഗ്യവകുപ്പ് ഫീൽഡുതല പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ജില്ലയിലെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ശുചീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വാർഡുതല ആരോഗ്യ ശുചിത്വ സമിതിയുടെ യോഗം ചേരുകയും പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുകയും ചെയ്യുന്നു. ഫീൽഡുതല ആരോഗ്യപ്രവർത്തകർ വീടുകൾ തോറും കയറി ആരോഗ്യ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യ ജാഗ്രതയുടെ ഭാഗമായി ഓരോ വാർഡുകളിലും ആരോഗ്യ സ്ക്വാഡ് രൂപീകരിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങളും കൊതുക്/കൂത്താടി നശീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലയിലെ സ്കൂളുകൾ തുറക്കുന്നതിനു മുമ്പു തന്നെ അവയുടെ ശുചിത്വം ഉറപ്പു വരുത്തിയിട്ടുണ്ട്. ജലജന്യരോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി കിണറുകൾ ക്ലോറിനേറ്റ് ചെയ്തു. പഞ്ചായത്തുകളിൽ ശുചിത്വ ഹർത്താലുകൾ നടത്തുകയും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. IVM Activities ജില്ലയിൽ നടത്തിവരുന്നു. Dry container/Key Container elimination campaign, move to plantation campaign എന്നിവ ജില്ലയിൽ നടത്തുകയും ചെയ്തു.

സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/ താലൂക്ക് ആശുപത്രി/ ജനറൽ ആശുപത്രി/ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ പനി-ക്ലിനിക്കുകളും പനിവാർഡുകളും തുടങ്ങുകയും പനിയുമായി വരുന്ന രോഗികൾക്കായി പ്രത്യേകം ക്യൂ സംവിധാനവും ഏർപ്പെടുത്തി. ഡെങ്കിപ്പനി ബാധിച്ച് ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികളെ കൊതുകുവലയുടെ സംരക്ഷണം ഉപയോഗിച്ച് മറ്റ് രോഗികളിലേയ്ക്ക് അസുഖം പടരാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ്, intensive source reduction activities, ISS എന്നിവ നടത്തിയിട്ടുണ്ട്. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ സഹായത്തോടുകൂടി കൊതുക സാന്ദ്രതാ പഠനങ്ങൾ നടത്തുകയും സാന്ദ്രത കൂടിയ പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തീരദേശ പ്രദേശങ്ങളിൽ ഗപ്പി മത്സ്യങ്ങളെ നിക്ഷേപിച്ചു. കുടുംബശ്രീ, ആശാ പ്രവർത്തകർ, ആരോഗ്യസേന, അംഗനവാടി വർക്കർമാർ, പുരുഷ സ്വയം സഹായ സംഘങ്ങൾ വഴി ഫീൽഡുതല പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ബിറ്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, പ്രത്യേക ഗ്രാമസഭകൾ എന്നിവ സംഘടിപ്പിച്ചു ജാഗ്രതോത്സവത്തിന്റെ ഭാഗമായി പഞ്ചായത്ത്/ജില്ലാ/ബ്ലോക്ക് തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

04/01/2018 ന് കാഞ്ഞങ്ങാട് ഐ.എം.എ ഹാളിൽ വെച്ച് നടന്ന ആരോഗ്യജാഗ്രത കാസർഗോഡ് ജില്ലാതല ഉദ്ഘാടനം ബഹു.റവന്യൂ വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ആരോഗ്യജാഗ്രതയുടെ ഭാഗമായി 8.1.2018 ന് ബൈക്ക് റാലിയും ഡോൾ പ്ലേയും നടത്തി. 10.01.2018 ന് ആരോഗ്യജാഗ്രതാ പ്രത്യേക പ്രദർശന മേളയും 17.01.2018 ന് എൽ.എസ്.ജി.ഡി മെമ്പർമാർക്ക് വിർച്വൽ ട്രെയിനിംഗും സംഘടിപ്പിച്ചു.

ഇന്റഗ്രേറ്റഡ് വെക്ടർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ 15.02.2018 മുതൽ 23.02.2018 വരെ ജില്ലയിലെ മുഴുവൻ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഹൈ റിസ്ക് പഞ്ചായത്തുകളിൽ നടത്തി. ജില്ലയിലെ ആരോഗ്യസന്ദേശയാത്രയുടെ ജില്ലാതല ഉദ്ഘാടനം 22.02.2018 ന് ബഹു.കാസർഗോഡ് എം.എൽ.എ ശ്രീ.എൻ.എ. നെല്ലിക്കുന്ന് നിർവ്വഹിച്ചു.

2.3.2018 ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പകർച്ച വ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ജില്ലാ തല കോഡിനേഷൻ കമ്മിറ്റി മീറ്റിംഗ് നടന്നു. 17.03.2018 ന് ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥാപനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പ്രതിദിനം പ്രതിരോധം, സെയ്ഫ് വാട്ടർ ക്യാമ്പെയിൻ ജില്ലയിൽ 22.03.2018 മുതൽ 15.04.2018 വരെ സംഘടിപ്പിച്ചു. 21.04.2018 ന് ഹെൽത്തി കേരളയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 21.04.2018 മുതൽ 23.04.2018 വരെ മൂവ് ടു പ്ലാന്റേഷൻ ക്യാമ്പയിൻ നടത്തി. മലമ്പനി നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി 2.5.2018 ന് കാസർഗോഡ് കളക്ടേറ്റിൽ ജില്ലാതല വർക്ക്ഷോപ്പ് നടന്നു. 5.5.2018 ന് ജില്ലാതല അവലോകനയോഗം ചേർന്നു. 14.05.2018 ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് വ്യാപാര ഭവനിൽ ഡെങ്കിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായുള്ള അവലോകനയോഗം ചേരുകയും തുടർ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

ദേശീയ ഡെങ്കിപ്പനി ദിനാചരണത്തിന്റെ ഭാഗമായി 16.05.2018 ന് കാസർഗോഡ് കളക്ടേറ്റിൽ ജില്ലാതല വർക്ക്ഷോപ്പ് നടന്നു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി പെരിയ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ബഹു.റവന്യൂ

വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നു.

ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനു വേണ്ടി 23.05.2018 ന് കാസർഗോഡ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. ജില്ലാ കളക്ടറുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും നേതൃത്വത്തിൽ എല്ലാ ബ്ലോക്കുകളിലും പകർച്ചപ്പനി നിയന്ത്രണ പരിപാടികളുടെ അവലോകന യോഗങ്ങൾ നടത്തി. ജില്ലാ മെഡിക്കൽ ഓഫീസറുടെയും ജില്ലാ സർവൈലൻസ് ഓഫീസറുടെയും മേൽനോട്ടത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ